DESPATCHED On..20/2/2020

28/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.263(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.2742/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ഖാലിദ് മുണ്ടപ്പിള്ളി,
മുണ്ടപ്പിള്ളി ഹൗസ്,
എടയപ്പുറം,
ആലുവ – 683 101.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
എൽ.എസ്.ജി.ഡി.
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്,
തായിക്കാട്ടുകര പി.ഒ.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23/01/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 16/03/2018 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 19/03/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 25/01/2020 – സ്പാർക്ക് ഹാൾ, കളക്ടറേറ്റ്, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഖാലിദ് മുണ്ടപ്പിള്ളി, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി 52 ദിവസങ്ങൾ കഴിഞ്ഞിട്ടും യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ജില്ലാ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടാത്ത ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ റോഡുകൾ ജില്ലാ പഞ്ചായത്തിന് എറ്റെടുത്ത് നിർമ്മാണങ്ങൾ നടത്താമോ എന്നും

ii. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകൾക്ക് ആവശ്യമായ വീതി എത്രയാണെന്നും

iii. 2017–18 സാമ്പത്തിക വർഷം ചൂർണ്ണിക്കര പഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതൊക്കെ എന്നും ഓരോ റോഡിന്റെയും ഓരോ 100 മീറ്ററിലുമുള്ള വീതി എത്രയെന്നും ഓരോ റോഡിനും വകയിരുത്തിയിട്ടുള്ള അടങ്കൽ തുക എത്ര വീതമെന്നും മേൽപ്പടി റോഡുകൾ എല്ലാം തന്നെ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോ എന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷ സംബന്ധിച്ച് യാതൊരു ഫയലും എതിർകക്ഷി ഓഫീസിൽ ലഭ്യമല്ല എന്നാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷ സ്പീഡ് പോസ്റ്റ് വഴിയായി ആർ.എൽ. 571801502 ഐ.എൻ. നമ്പറായാണ് ആയത് അയച്ചിട്ടുള്ളതെന്നും ആയതിനാൽ മേൽപ്പടി അപേക്ഷ എതിർകക്ഷി ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല എന്ന വാദം അംഗീകരിക്കത്തക്കതല്ല എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷ സ്പീഡ് പോസ്റ്റിലാണ് എതിർകക്ഷി ഓഫീസിലേക്ക് അയച്ചു കൊടുത്തിരുന്നത് എന്നു കാണുന്നു. ആയതിനാൽ മേൽപ്പടി അപേക്ഷ എതിർകക്ഷി ഓഫീസിൽ ലഭിച്ചിട്ടില്ല എന്ന വാദം അംഗീകരിക്കത്തക്കതല്ല. ഇക്കാര്യത്തിൽ വാഴക്കുളം ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) വിശദമായ ഒരു അന്വേഷണം നടത്തി കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസങ്ങൾക്കകം ഹാജരാക്കേണ്ടതും ആയതിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാത്തതിന് ആരാണ് ഉത്തരവാദി എന്നു വ്യക്തമാക്കേണ്ടതുമാണ്. മേൽപ്പടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകേണ്ടതുമാണ്. മേൽപ്പടി റിപ്പോർട്ട് ലഭിച്ച ശേഷം ഇക്കാര്യത്തിൽ മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്. മേൽ കാര്യത്തിലേയ്ക്കായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, വാഴക്കുളം ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചു നൽകേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 28–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

RIGHT TO INFORMATION